22/11/2021

04/12/21...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in

## ഹർജി നമ്പർ CP.No.1105(5)/18/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 14986/SIC-G7/2018

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ഷിബു എസ്.എസ്.,<br>പണ്ടാരവിള വീട്, ഉള്ളൂർ,<br>മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം. | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>സർക്കാർ മെഡിക്കൽ കോളേജ്,<br>മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം – 695011. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 17.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18.12.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.12.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 21.12.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 06.08.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>പരാതി ഹർജിക്കാരി<br>എതിർകക്ഷി | <br>ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ് പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ.ഷിബു.എസ്.എസ്, 20.12.2018-ൽ സമർപ്പിച്ച പരാതി ഹർജി 21.12.2018-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP No.1105(5)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ലെന്നും ആയതിനാൽ കൃത്യമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം പരാതി ഹർജിക്കാരൻ 17.11.2018–ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ടിരിക്കുന്നത്, 2018 സെപ്റ്റംബർ മാസം തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ അറ്റൻഡർ ഗ്രേഡ് II തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തിയ ഇന്റർവ്യൂവിൽ എത്ര ഒഴിവുകൾ നികത്താനായിട്ടുണ്ട്; എത്ര അംഗീകൃത തസ്തികകൾ ഉണ്ട്; നിലവിൽ സ്ഥിരം തൊഴിലാളികൾ എത്ര ഉണ്ട് എന്നതുമായി ബന്ധപ്പെട്ട് 12 വിവരങ്ങളായിരുന്നു.

4. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതനുസരിച്ച് 06.08.2021 ൽ ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും ടെലഫോൺ മുഖാന്തിരം നടന്ന നേർവിചാരണയിൽ എസ്.പി.ഐ.ഒ. ഹാജരായിരുന്നു. പരാതി ഹർജിക്കാരൻ ഹാജരായിരുന്നില്ല.

5. എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. പരാതി ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 18.12.2018 ന് മറുപടി ലഭ്യമാക്കിയെന്നും ടിയാൻ ആവശ്യപ്പെട്ട അഞ്ചാമത്തെ ചോദ്യത്തിന് പ്രസ്തുത കാര്യാലയത്തിൽ നേരിട്ടെത്തി 2018 സെപ്റ്റംബർ മാസം ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II തസ്തികയിലേയ്ക്ക് നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്കുലിസ്റ്റുകൾ ഉൾപ്പെടെയുള്ള രേഖകളിൽ ആവശ്യപ്പെട്ടവ എസ്.പി.ഐ.ഒ യുടെ സാന്നിധ്യത്തിൽ പരിശോധിച്ച് തൃപ്തികരമായ മറുപടി നൽകിയിട്ടുണ്ടെന്നും പരാതിയിൽ പറയുന്ന ആക്ഷേപങ്ങൾ തികച്ചും അടിസ്ഥാന രഹിതമാണെന്നുമാണ് എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എസ്.പി.ഐ.ഒ നൽകിയതായി കമ്മീഷൻ കാണുന്നു. ആയതിനാൽ എസ്.പി.ഐ.ഒ. യുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേദിവസം 2021 നവംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

**JN**